**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** | **13-02-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ പി.എം.ജെ.വി.കെ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പി.എം.ജെ.വി.കെ. പദ്ധതിയിൽ തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | പി.എം.ജെ.വി.കെ. പദ്ധതിയിൽ തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നിന്ന് 2021 മുതൽ 2024 വരെയുള്ള കാലയളവിൽ ഏതെങ്കിലും പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; | (ബി) | പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട് |
| (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്ന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പി.എം.ജെ.വി.കെ.പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ഗവ. ആയുർവേദ ആശുപത്രി, വടക്കാഞ്ചേരി, 2.ഗവ.എസ്‌സി/എസ്ടി ഐടിഐ എങ്കേക്കാട്, 3. ഓട്ടുപാറ ഓഡിറ്റോറിയം, 4. ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, 5. കുംബ്ലങ്ങാട് വ്യവസായ പാർക്ക്, 6. ചട്ടൻചിറയുടെ പുനരുജ്ജീവനം, 7. പാർളിക്കാട് ഗവ.യു.പി സ്കൂൾ നവീകരണം, 8. ഓട്ടുപാറ ജലാശയത്തിന്റെ പുനരുജ്ജീവനം, 9. ഓട്ടുപാറ ഗവ.എൽ.പി സ്കൂൾ നവീകരണം, 10. വടക്കാഞ്ചേരി ഗവ.ഹൈസ്കൂൾ നവീകരണം, 11. ഗവ.എൽപി ഗേൾസ് വടക്കാഞ്ചേരിയുടെ നവീകരണം, 12. പുത്തുരുത്തി ഗവ.യു.പി സ്കൂൾ നവീകരണം ,13. വടക്കാഞ്ചേരിയിലെ മിനാലൂർ ഗ്രൗണ്ട്, 14. ഗവ. ഗേൾസ് ഹൈസ്കൂൾ വടക്കാച്ചേരി , 15. മങ്കര ജലവിതരണ പദ്ധതി, 16. ജലവിതരണ പദ്ധതി റെയിൽവേ ,17. കുമരനെല്ലൂർ കിണരമാക്കൽ ജലവിതരണ പദ്ധതി, 18.ഓട്ടുപാറക്കുളത്തിൽ നിന്നുള്ള ജലവിതരണ പദ്ധതി, 19. പരുത്തിപ്പാറയ്ക്ക് ജലവിതരണ പദ്ധതി, 20. അകമലയ്ക്കുള്ള ജലവിതരണ പദ്ധതി, 21. ഗവ.ഹോമിയോ ഡിസ്പെൻസറി, വടക്കാഞ്ചേരി, 22. CHC തോളൂർ- |

| | | | |
|---|---|---|---|
| | | | ഗ്രീൻ ഹോസ്പിറ്റൽ പ്രോജക്റ്റ് ,23. പൊന്നൂർ മിനി സ്റ്റേഡിയം നവീകരണം 24.ചിറ്റിലപ്പിള്ളി ഗ്രൗണ്ടിൻ്റെ നവീകരണം |
| (ഡി) | ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | സമർപ്പിച്ചിട്ടില്ല. പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിക്ക് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും പ്രോജക്റ്റ് ഫീസിബിലിറ്റി നോക്കിയുമാണ് പ്രോജെക്റ്റുകളുടെ മുൻഗണന നിശ്ചയിക്കുന്നത്.പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരവും നിർബന്ധമാണ്. ഇതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് തലത്തിൽ നടത്തിയിട്ടുള്ള സൂക്ഷ്മപരിശോധനയിൽ ജില്ലാതലത്തിൽ ലഭിച്ച പ്രപ്പോസലുകൾ വകുപ്പിന്റെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ